## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2662** **06.11.2019-ൽ മറുപടിയ്ക്ക്**

### മര്യാപുരം ഐ.ടി.ഐ.യിലെ വികസനങ്ങൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.കെ.ആൻസലൻ** | | **ശ്രീ.എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ ഉള്ള നെയ്യാറ്റിൻകര മണ്ഡലത്തിലെ മര്യാപുരം ഐ.ടി.ഐ. യിൽ **2019-20** ൽ എന്തെങ്കിലും വികസന പ്രവർത്തനത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയ്ക്കാണ് ഭരണാനുമതി നൽകിയത് എന്ന് വിശദമാക്കാമോ; | (എ) | ഇല്ല. |
| (ബി) | **2016-17** മുതൽ **2018-19** വരെ മര്യാപുരം ഐ.ടി.ഐ.യിൽ എത്ര കോടിയുടെ വികസന പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കിയതു എന്ന് അറിയിക്കുമോ; | (ബി) | മരിയാപുരം ഐ.ടി.ഐ-യിൽ 2016-17 സാമ്പത്തിക വർഷം ചുറ്റുമതിൽ നിർമ്മിക്കുന്നതിനും കമ്പ്യൂട്ടർ ബ്ലോക്കിന്റെ തറ ടൈൽ പാകുന്നതിനും പെയിന്റിംഗ് ചെയ്യുന്നതിനും 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം റിനോവേഷൻ വർക്കുകൾക്കായി 1,13,00,000/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ള പി.ഡബ്ല്യു.ഡി കെട്ടിട വിഭാഗം പ്രവർത്തി ആരംഭിച്ചിട്ടില്ല.<br>ഇതിനു പുറമേ 2016-17 -ൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഗവ.ഐ.ടി.ഐ-കളുടെ നിലവാരം ഉയർത്തൽ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ മരിയാപുരം ഐ.റ്റി.ഐ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റി (IMC) 70 ലക്ഷംരൂപ ചെലവിൽ പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2018-19-ൽ ഇതേ പദ്ധതിയിൻകീഴിൽ 4,00,000/-രൂപയുടെ വികസന പ്രവർത്തനവും മരിയാപുരം ഐ.റ്റി.ഐ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റി (IMC) നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഐ. ടി. ഐ. യിൽ പുതിയ കോഴ്സ് അനുവദിക്കുന്നതിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (സി) | മരിയാപുരം ഐ.ടി.ഐ-യിൽ നിലവിൽ Mechanic Motor vehicle, Surveyor, Carpenter എന്നീ ട്രേഡുകളിൽ പരിശീലനം നൽകി വരുന്നു. കാർപെന്റർ ട്രേഡിന്റെ ഒരു അഡീഷണൽ ബാച്ച് കൂടെ പുതുതായി ആരംഭിക്കുന്നതിനുള്ള ശുപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ